# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4871** — **26-06-2019-ൽ** മറുപടി നൽകേണ്ടിയിരുന്നത്

**കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ കെട്ടിട നിർമ്മാണ കരാർ**

**ചോദ്യം** — **ഉത്തരം**

**ശ്രീ.എം. വിൻസെന്റ്** : **ഡോ.കെ.ടി.ജലീൽ (ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| എ) | കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ എത്ര കെട്ടിടങ്ങളുടെ നിർമ്മാണ കരാറാണ് 2010 മുതൽ 2019 മാർച്ച് മാസം വരെ കാലയളവിൽ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് എന്ന സ്ഥാപനത്തിന് നൽകിയത്; ഓരോ കെട്ടിടത്തിന്റെയും പേര് ,അടങ്കൽ തുക, എഗ്രിമെൻറ് കാലാവധി എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ; | **എ)** | 2010 മുതൽ 2019 മാർച്ച് മാസം വരെ കാലയളവിൽ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് എന്ന സ്ഥാപനത്തിന് കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക മ്യൂസിയത്തിൽ നിന്നും 6 (ആറ്) കെട്ടിടങ്ങളുടെ നിർമ്മാണ കരാറാണ് നൽകിയിട്ടുള്ളത്. ഓരോ കെട്ടിടത്തിന്റെയും പേര് ,അടങ്കൽ തുക, എഗ്രിമെൻറ് കാലാവധി എന്നീ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| ബി) | ഓരോ കെട്ടിടത്തിന്റെയും പ്രവൃത്തിക്ക് ഗഡുക്കളായി തുക അനുവദിച്ച് നൽകിയിരുന്നോ; എങ്കിൽ എത്ര ശതമാനം പണി കഴിയുമ്പോഴാണ് തുക അനുവദിച്ച് നൽകിയിരുന്നത്; എത്ര തുക യാണ് അങ്ങനെ നൽകുന്നതെന്ന് വ്യക്തമാക്കുമോ; | **ബി)** | ഓരോ കെട്ടിടത്തിന്റെയും പ്രവൃത്തിക്ക് ഗഡുക്കളായാണ് തുക അനുവദിച്ച് നൽകിയിട്ടുള്ളത്. എഗ്രിമെന്റ് അംഗീകരിച്ച് സ്ഥലം കൈമാറിയാലുടൻ അടങ്കൽ തുകയുടെ 20% മുൻകൂർ ആയും, 90% പണി പൂർത്തിയാക്കി Utilization Certificate തരുമ്പോൾ 15% വീതം അഞ്ചു ഗഡുക്കളായി നല്കിയ ശേഷമുള്ള ബാക്കി 5 % Guarantee Period കഴിഞ്ഞതിനുശേഷം മാത്രമേ നല്കാറുള്ളു. |

| | | | |
|---|---|---|---|
| സി) | ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിലെ ഉദ്യോഗസ്ഥർ ചെക്ക് മെഷർമെന്റ് എടുത്തതിനു ശേഷമാണോ ഓരോ ഗഡു തുകയും അനുവദിച്ച് നൽകുന്നതെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ചെക്ക് മെഷർമെന്റ് നടത്താതെ കരാറുകാരന് തുക നൽകുന്നത് നിയമവിരുദ്ധമല്ലേ; എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിക്കുമോ; | **സി)** | മ്യൂസിയം കോമ്പൗണ്ടിലുള്ള കെട്ടിടങ്ങൾക്ക് ചെക്ക് മെഷർമെന്റ് എടുത്ത് Utilizaton Certificate പരിശോധിച്ചതിനുശേഷമാണ് തുക നല്കിയിട്ടുള്ളത്. Museum Library 2nd Floor ന്റെയും Museum Cafeteria യുടേയും ചെക്ക് മെഷർമെന്റ് എടുത്ത് കൊണ്ടിരിക്കുകയാണ്. കോട്ടയം സയൻസ് സിറ്റിയിലും ചാലക്കുടി റീജിയണൽ സയൻസ് സെന്ററിലും Utilizaton Certificate പരിശോധിച്ച് മെഷർമെന്റും കണക്കിലെടുത്ത് സിവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ശുപാർശ പ്രകാരം, എഗ്രിമെന്റ് പ്രകാരമാണ് തുക ഗഡുക്കളായി നല്കിയിട്ടുള്ളത്. Final bill, Settlement ആയിട്ടില്ല. ചെക്ക് മെഷർമെന്റ് നടത്താതെ ഒരു കെട്ടിടത്തിനും Final Settlement നടത്തിയിട്ടില്ല. കോട്ടയം സയൻസ് സിറ്റി ക്യാമ്പസിലും ചാലക്കുടി റീജിയണൽ സയൻസ് സെന്ററിലും സിവിൽ വിഭാഗത്തിന് ആവശ്യമായ Technical Staff ന്റെ പരിമിതി ഉള്ളതു കൊണ്ട് ചെക്ക് മെഷർമെന്റ് ചെയ്യേണ്ട തീരുമാനം Governing Body യുടെ നിർദ്ദേശപ്രകാരം കൈക്കൊള്ളുന്നതാണ്. |
| ഡി) | ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് ഏറ്റെടുത്തു നടത്തിയ കെട്ടിട നിർമ്മാണം പൂർത്തിയാക്കി എഗ്രിമെന്റ് കാലാവധിക്കുള്ളിൽ എത്ര കെട്ടിടങ്ങൾ ഇതുവരെ ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിനു കൈമാറിയിട്ടുണ്ട്; വ്യക്തമാക്കാമോ; | **ഡി)** | താഴെ പറയുന്ന കെട്ടിടങ്ങൾ പണി പൂർത്തിയായി ശാസ്ത്ര സാങ്കേതിക മ്യൂസിയം ഉപയോഗിച്ചു വരുന്നു.<br>1. Ground & 1st Floor of Museum Library block<br>2. 2nd Floor of Museum Library block<br>3.Cafeteria at Museum. |

| | | | |
|---|---|---|---|
| ഇ) | ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് ഏറ്റെടുത്ത് നടത്തുന്ന കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ എഗ്രിമെന്റ് കാലാവധി ദീർഘിപ്പിച്ച് കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ഏതു കെട്ടിടങ്ങളുടെ നിർമ്മാണത്തിനാണ് കാലാവധി ദീർഘിപ്പിച്ച് നൽകിയതെന്നും, കാലാവധി ദീർഘിപ്പിച്ച് നല്കാനുണ്ടായ കാരണം എന്തെന്നും വ്യക്തമാക്കാമോ ? | ഇ) | സമയബന്ധിതമായി payment നടത്താൻ സാധിക്കാത്തതിനാലും, പ്രതികൂലമായ കാലാവസ്ഥ വ്യതിയാനങ്ങൾ കൊണ്ട് പണികൾ പൂർത്തീകരിക്കാൻ പറ്റാത്തതിനാലും, Additional Work ന്റെയും കെട്ടിടത്തിന്റെ രൂപരേഖയിലും ഘടനയിലും മ്യൂസിയം ആവശ്യപ്പെട്ടതിൻ പ്രകാരം പിന്നീട് വ്യതിയാനങ്ങൾ വരുത്തിയതിനാലും, ചെയ്തു തീരാത്ത പണികൾ പരിശോധിച്ച് വിലയിരുത്താൻ കാലതാമസം നേരിട്ടതു കൊണ്ടും അധിക ചെലവ് വരാതെ എഗ്രിമെന്റ് പ്രകാരമുള്ള നിരക്കിൽ തന്നെ താഴെ പറയുന്ന കെട്ടിടങ്ങളുടെ എഗ്രിമെന്റ് കാലാവധി ദീർഘിപ്പിച്ച് നല്കിയിട്ടുണ്ട്.<br>1. Ground & 1st Floor of Museum Library block<br>2. 2nd Floor of Museum Library block<br>3. Kottayam Science City, Edutainment Components (Amphi Theatre, Motion Simulator Building and Entrance Plaza)<br>4. Planetarium Building at Chalakkudy Regional Science Centre. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

| നമ്പർ | കെട്ടിടത്തിന്റെ പേര് | അടങ്കൽ തുക (Rs.) | എഗ്രിമെന്റ് കാലാവധി |
|---|---|---|---|
| | Ground & 1st Floor of Museum Library block | 46,42,787/- | 8 മാസം |
| | 2nd Floor of Museum Library block | 51,22,482/- | 6 മാസം |
| | Cafeteria at Museum. | 14,47,975/- | 3 മാസം |
| | Kottayam Science City, Edutainment Components (Amphi Theatre, Motion Simulator Building and Entrance Plaza) | 4,10,28,864/- | 7 മാസം |
| | Substation Building at Kottayam Science City | 54,51,338/- | 3 മാസം |
| | Planetarium Building at Chalakkudy Regional Science Centre | 1,90,73,241/- | 13 മാസം |

[signature]

സെക്ഷൻ ഓഫീസർ